
# കളരി

07 ഏപ്രിൽ 2022

Vol: 44 | Issue No: 02

കേരള സർവ്വകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം




പേജ്: 02 കേന്ദ്ര ബജറ്റ് 2022


പേജ്: 03 പരിസ്ഥിതി സംരക്ഷണം


പേജ്: 06 പറന്നകന്ന വാനമ്പാടി


പേജ്: 08 ബ്ലാസ്റ്റേഴ്സ് വീണു


# കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സയൻസ് കെട്ടിടം പണി തുടങ്ങി

**ആര്യ സി കെ**

**കാര്യവട്ടം:** കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ ആധുനിക സൗകര്യങ്ങളോടെ നിർമിക്കുന്ന കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സയൻസ് സ്കൂൾ കെട്ടിടത്തിന്റെ പണി തുടങ്ങി.

സംസ്ഥാന ധനകാര്യ മന്ത്രി കെ. എൻ ബാലഗോപാലാണ് ഒക്ടോബർ 13 നു കെട്ടിടം പണിയുടെ ഉദ്ഘാടനം നിർവഹിച്ചത്. കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിനും ലൈബ്രറി ആൻട്ടഇൻഫർമേഷൻ സയൻസ് വകുപ്പിനും വേണ്ടിയാണു സ്കൂൾ കെട്ടിടം ഉയരുന്നത്.കാര്യവട്ടത്തെ നോർത്ത് ബ്ലോക്കിൽ നിലവിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പ് സ്ഥലപരിമിതി മൂലം വർഷങ്ങളായി ബുദ്ധിമുട്ടിലാണ്.ഇതേ അവസ്ഥ തന്നെയാണ് പാളയത്തെ സർവകലാശാല ലൈബ്രറി വിഭാഗത്തിന്റെ മുകൾ നിലയിൽ ഉള്ള ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് വകുപ്പിനും.ഇരു വകുപ്പുകളെയും ഉൾപ്പെടുത്തി കമ്മ്യൂണിക്കേഷൻ സ്കൂൾ രൂപവത്കരിച്ചിട്ട് ഒരു ദശകമായി.പുതുതായി നിർമിക്കുന്ന കെട്ടിടത്തിൽ ഇരു വകുപ്പുകൾക്കും പുതിയ



*സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സയൻസ് കെട്ടിടത്തിന്റെ ശിലാസ്ഥാപന ഭാഗമായി നടന്ന സമ്മേളനം സംസ്ഥാന ധനകാര്യ മന്ത്രി കെ. എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. വി.പി.മഹാദേവൻ പിള്ള , പി.വി.സി പ്രൊഫ.പി.പി അജയകുമാർ എന്നിവർ സമീപം.*

കാലത്തിനു ഉതകുന്ന രീതിയിലുള്ള എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് കെട്ടിടം പണിയുന്നത്. മീഡിയ ലാബ് മുറികൾ, സെമിനാർ ഹാൾ , മിനി തീയേറ്റർ, ന്യൂസ്റൂം, ഡിജിറ്റൽ ലൈബ്രറി സൗകര്യം, സ്മാർട്ട് ക്ലാസ്സ്മുറികൾ തുടങ്ങിയവ കെട്ടിടത്തിൽ ഉണ്ടാകുമെന്നു കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സയൻസ് സ്കൂൾ ഡയറക്ടർ ഡോ. എം.എസ് ഹരികുമാർ അറിയിച്ചു.മൂന്ന് നിലകളുള്ള കെട്ടിടത്തിന്റെ ആദ്യ നിലയുടെ പണിയാണ് ആരംഭിച്ചിരിക്കുന്നത്.നാലര ക്കോടി രൂപ ചെലവിൽ ഒരു വർഷത്തിനുള്ളിൽ ആദ്യ നിലയുടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യം.സൗത്ത് ക്യാമ്പസ്സിലെ ഭാരത ഭാഷാ പഠന സ്കൂൾ കെട്ടിടത്തിന് സമീപത്താണ് (ഓ. എൻ.വി സ്മാരക കെട്ടിടം) പുതിയ കെട്ടിടം വരുന്നത്.



**സ്വപ്നം യാഥാർഥ്യത്തിലേക്ക്...** *കമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സയൻസ് സ്കൂളിലെ ഇരു വകുപ്പുകളിലെയും വിദ്യാർത്ഥികളും അധ്യാപകരും കെട്ടിടത്തിന് ശിലയിട്ട സൗത്ത് ക്യാമ്പസ്സിലെ സ്ഥലത്തു ഒരുമിച്ചപ്പോൾ.*

പഠനത്തിനും ഗവേഷണത്തിനുമായി കേരള സർവ്വകലാശാല ക്യാമ്പസ് 24 മണിക്കൂറും പ്രവർത്തന നിരതമാകണമെന്നു ഉദ്ഘാടന പ്രഭാഷണത്തിൽ മന്ത്രി കെ. എൻ ബാലഗോപാൽ ആവശ്യപ്പെട്ടു. ഇന്ത്യയിലെ ആദ്യ പത്തു സ്ഥാനങ്ങളിൽ ഉൾപ്പെടുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനമായി കേരള സർവ്വകലാശാലയെ മാറ്റിയെടുക്കാൻ സർക്കാരിന്റെ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം ഉറപ്പു നൽകി.ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. വി.പി മഹാദേവൻ പിള്ള അധ്യക്ഷത വഹിച്ചു.

പ്രൊ വൈസ് ചാൻസലർ പ്രൊഫ.പി.പി.അജയകുമാർ,സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ഡോ.എം. എസ്. ഹരികുമാർ, സിണ്ടിക്കേറ്റ് അംഗങ്ങളായ ഡോ.എസ്.നസീബ്, ബി.ബാലചന്ദ്രൻ, അഡ്വ.എ. അജികുമാർ എം.വിജയൻ പിള്ള, പ്രൊഫ. കെ. ലളിത, ജി. ബിജുകുമാർ,രെഞ്ചു സുരേഷ്, ജെ.ജയരാജ്, റിയാസ് വഹാബ് എന്നിവർ സംസാരിച്ചു. സിണ്ടിക്കേറ്റ് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ. കെ. എച്ച് ബാബുജാൻ സ്വാഗതവും രജിസ്ട്രാർ ഡോ.കെ.എസ് അനിൽ കുമാർ നന്ദിയും പറഞ്ഞു.

കളരി
07 ഏപ്രിൽ 2022

# കലാലയങ്ങളിൽ എന്തിന് ആയുധം?

**കു**റച്ച് കാലത്തെ ഇടവേളയ്ക്ക് ശേഷം കലാലയങ്ങൾ വീണ്ടും അക്രമങ്ങളുടെ പാതയിലേക്ക് നീങ്ങുകയാണ്. പൈനാവ് ഗവൺമെന്റ് എൻജിനീയറിങ് കോളേജ് വിദ്യാർത്ഥി ധീരജ് കുത്തേറ്റ് മരിച്ചത് നാടിനെ ഞെട്ടിച്ച വാർത്ത ആയിരുന്നു. ധീരജിലൂടെ കൊഴിഞ്ഞു പോയത് ഒരു കുടുംബത്തിന്റെ സ്വപ്നങ്ങളും ആശ്രയവും പ്രതീക്ഷകളും ആയിരുന്നു. തിരഞ്ഞെടുപ്പ് കാലത്ത് വിദ്യാർത്ഥി സംഘടനകൾ തമ്മിലുള്ള ഏറ്റുമുട്ടലുകളും കൊലപാതകങ്ങളും ഇപ്പോൾ സ്വാഭാവികമായിരിക്കുന്നു. എന്നാൽ അതിലൂടെ എരിഞ്ഞടങ്ങുന്നത് ഒരോ കുടുംബത്തിന്റെയും വിളക്ക് ആകേണ്ടവർ ആണ്. മൂന്ന് വർഷങ്ങൾക്ക് മുൻപ് മഹാരാജാസ് കോളേജിൽ കൊല്ലപ്പെട്ട അഭിമന്യു നാടിനെ നടുക്കിയ മറ്റൊരു വാർത്തയായിരുന്നു. ഇന്നിതാ വീണ്ടും ചോരത്തുള്ളികൾ പതിച്ചിരിക്കുന്നു കലാലയ മുറ്റത്ത്.

എല്ലാ രാഷ്ട്രീയ പ്രവർത്തനങ്ങളും ഒരുപോലെയല്ല. സ്കൂളുകളിലും കോളേജുകളിലും നടക്കുന്ന രാഷ്ട്രീയ സമരങ്ങൾക്ക് വ്യത്യസ്ത കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളുമുണ്ട്.

വിദ്യാർത്ഥി സംഘടനകൾ ക്യാമ്പസിൽ നിരവധി അഭിപ്രായങ്ങൾക്കും വിവിധ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കും അവസരങ്ങൾ നൽകുന്നു. ഫോറങ്ങൾ, പഠന ഗ്രൂപ്പുകൾ, കോൺഫറൻസുകൾ എന്നിവയുൾപ്പെടെ വിപുലമായ പരിപാടികളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

സർവ്വകലാശാലയിലും മറ്റ് രാഷ്ട്രീയ സംഘടനകളിലും നേതൃസ്ഥാനങ്ങൾ ഏറ്റെടുക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് ധാരാളം അവസരങ്ങളുണ്ട്. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഭരണകൂടത്തിന്റെയും വിദ്യാർത്ഥി സമൂഹത്തിന്റെയും പ്രതിനിധികളാണ്. കച്ചേരികൾ, കലോത്സവങ്ങൾ തുടങ്ങി വിദ്യാർത്ഥികളുടെ ഹൃദയത്തോട് ഏറ്റവും അടുത്തതും പ്രിയപ്പെട്ടതുമായ നിരവധി പ്രോഗ്രാമുകളും സേവനങ്ങളും സ്പോൺസർ ചെയ്യുന്നതിനും ഇവർ ഉത്തരവാദികളാണ്. എന്നാൽ കക്ഷി രാഷ്ട്രീയത്തിന്റെ മറ്റൊരു ദോഷ വശം വിദ്യാർത്ഥികൾ കാമ്പസിന് പുറത്തുള്ള വിവിധ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അവരുടെ ഭാവി നശിപ്പിക്കുകയും ചെയ്യുന്നുവെന്നതാണ്.

ഇന്ന് പല കാമ്പസുകളിലും, വിദ്യാർത്ഥി രാഷ്ട്രീയനേതാക്കൾ വർഷാവർഷം തുടരുകയാണ്, ഒന്നിലധികം ബിരുദങ്ങൾ നേടി, അവർക്ക് ഓഫീസിലേക്ക് മത്സരിക്കുന്നത് തുടരാം.തിരഞ്ഞെടുപ്പ് വേളകളിൽ പരസ്പരം കൊമ്പ് കോർത്ത് ശത്രുത പുലർത്തുന്ന ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പൗരബോധവും മനുഷ്യത്വവും കരുണയും സഹജീവി സ്നേഹവും എല്ലാം നഷ്ടമായിരിക്കുന്നു. പ്രതീക്ഷകളുമായി കാത്തിരിക്കുന്ന സ്വന്തം കുടുംബത്തെ മറന്ന് അവർ രാഷ്ട്രീയ പ്രവർത്തനത്തിന് ഇറങ്ങുമ്പോൾ സ്വയം അടിമകൾ ആയി മാറുകയാണ്. ഉയർന്ന തലത്തിൽ നിൽക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ പറയുന്നതിന് അനുസരിച്ച് ചലിക്കുന്നതിനുള്ള കളിപ്പാട്ടം മാത്രമായി ചുരുങ്ങുകയാണ് ഇന്നത്തെ വിദ്യാർഥി തലമുറ. ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിലെ നിർണായക ഘട്ടമാണ് വിദ്യാഭ്യാസ കാലഘട്ടം, മറ്റേതൊരു പ്രവർത്തനങ്ങളേക്കാളും സ്വന്തം വിദ്യാഭ്യാസത്തിന് മുൻഗണന നൽകേണ്ടതുണ്ട്. ക്യാമ്പസ് രാഷ്ട്രീയത്തിന് ഗുണങ്ങളും ഉണ്ട് . രാഷ്ട്രീയം വിദ്യാർത്ഥികളെ അവരുടെ അവകാശങ്ങളുടെ ശരിയായ ഉപയോഗത്തെക്കുറിച്ചു ബോധവാന്മാരാക്കുന്നു.

മുഖ്യധാരാ രാഷ്ട്രീയത്തിൽ ചേരുക എന്ന ലക്ഷ്യത്തോടെ അവ സർവ്വകലാശാല തലത്തിൽ തുടങ്ങുന്നതിൽ തെറ്റില്ല. അതിനാൽ രാഷ്ട്രീയം സംസാരിക്കാനും വായിക്കാനും ചർച്ച ചെയ്യാനും കാമ്പസുകൾ അവസരം നിഷേധിക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്.

എന്നാൽ കാമ്പസിനുള്ളിൽ പോരാടുന്ന വിദ്യാർത്ഥികളുടെ ചില ശത്രുതാപരമായ ഗ്രൂപ്പുകൾ പഠന പ്രക്രിയ അസാധ്യമാക്കിക്കൊണ്ട് കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. സമാധാനം, ആരോഗ്യം, ധാർമ്മികത എന്നിവയും അച്ചടക്കത്തെ ഉൾക്കൊള്ളുന്ന മറ്റ് മൂല്യങ്ങളും തകരാറിലാക്കുന്നു .

ഓർക്കുക നമുക്ക് വേണ്ടത് രണമയം ഉണർത്തുന്ന കലാലയങ്ങൾ അല്ല, സ്നേഹവും കരുതലും സൗഹൃദവും നിറഞ്ഞ, ശാന്തമായി സംസാരിക്കാനും അഭിപ്രായങ്ങൾ പങ്കുവയ്ക്കാനും ഓരോ വിദ്യാർത്ഥിയെയും പ്രാപ്തരാക്കുന്ന ഒരു കലാലയമാണ്.

# ഗതിശക്തിയിലൂന്നി കേന്ദ്രബജറ്റ്; കർഷകർക്ക് അവഗണന

അഭിലാഷ് ജെ ജെയിംസ്

» പി.എം ഗതിശക്തി മാസ്റ്റർ പ്ലാനിന് ഊന്നൽ.
» ലക്ഷ്യം അടിസ്ഥാനസൗകര്യവികസനം
» ആദായ നികുതി സ്ലാബുകളിൽ മാറ്റമില്ല
» ഇന്ത്യക്ക് സ്വന്തമായി ഡിജിറ്റൽ കറൻസി
» തൊഴിൽഉറപ്പ് പദ്ധതിയുടെ വിഹിതം കുറച്ചു.



*കേന്ദ്ര ബജറ്റ് അവതരിപ്പിക്കുന്നതിന് മുൻപ് നിർമ്മല സീതാരാമൻ പാർലമെന്റിൽ*

**അ**ടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ടുള്ള പി.എം ഗതിശക്തി മാസ്റ്റർ പ്ലാൻ ആണ് കേന്ദ്ര ബജറ്റിൽ ഏറ്റവും ശ്രദ്ധേയം. 25000 കിലോമീറ്റർ ദേശീയ പാതയും, 400 വന്ദേ ഭാരത് ട്രെയിനുകളും, റോഡ് നിർമാണം അസാധ്യമായ മേഖലകളിൽ റോപ്പ് വേകൾ തയാറാക്കി യാത്ര സുഗമമാക്കാൻ ഉള്ള പാർവത് മാല പദ്ധതിയും, 5 നദീസംയോജന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

അടിസ്ഥാന സൗകര്യവികസനത്തിലൂടെ അടുത്ത 25 വർഷങ്ങളെ രാജ്യത്തിന്റെ അമൃത് കാലം ആക്കി മാറ്റുക എന്നതാണ് കേന്ദ്ര സർക്കാർ ലക്ഷ്യം. എന്നാൽ കോവിഡും അത് മൂലമുണ്ടായ ലോക്ക്ഡൗണും കാരണം പൊറുതിമുട്ടി ഇരിക്കുന്ന ജനത്തിന് പ്രതീക്ഷ നൽകുന്ന പ്രഖ്യാപനങ്ങൾ ഒന്നും ഉണ്ടായില്ല. കോവിഡ് ഒട്ടേറെ പേരിൽ ഉണ്ടാക്കിയ മാനസിക പ്രശ്നങ്ങളെ നേരിടാൻ ടെലിമെഡിസിൻ സംവിധാനം മാനസികാരോഗ്യ രംഗത്തേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ട്. ഇന്ത്യക്ക് സ്വന്തമായി ഡിജിറ്റൽ കറൻസിയും, 5 ജി സ്പെക്ട്രം ലേലവും, ഇ പാസ്സ്പോർട്ടും, വിദ്യാഭ്യാസ രംഗത്തേ ഡിജിറ്റൽ ആക്കുമെന്ന പ്രഖ്യാപനവും ഇന്ത്യയെ ഡിജിറ്റൽ ലോകത്തേക്ക് കൈപിടിച്ചുകയറ്റാൻ ഉതകും. ഐതിഹാസികമായ കർഷക സമരത്തിന് ശേഷം അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിൽ കർഷകരുടെ അവശ്യങ്ങളെ കാര്യമായി എടുക്കുന്നില്ല. എല്ലാ വിളകൾക്കും താങ്ങുവില എന്ന കർഷകരുടെ ആവശ്യം അവഗണിക്കപ്പെട്ടു. നെല്ലിനും ഗോതമ്പിനും മാത്രമാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്.

കോവിഡ് വാക്സിനേഷനിലുടെയും സപ്ലൈയിലെ പരിഷ്കരണങ്ങളിലുടെയും അടുത്ത വർഷം രാജ്യം 9.27% വളർച്ച കൈവരിക്കും എന്നാണ് സാമ്പത്തിക സർവ്വേ റിപ്പോർട്ട്.സംസ്ഥാനങ്ങൾക്ക് സാധാരണ വായ്പയ്ക്ക് പുറമെ, ഒരു ലക്ഷം കോടി പലിശരഹിത വായ്പ ആയി അനുവദിക്കുന്നത് സംസ്ഥാനങ്ങളുമായി ചേർന്നുള്ള വികസനത്തിന് ഇന്ധനം ആകും. എന്നാൽ ജി. എസ് .ടി നഷ്ടപരിഹാരം അഞ്ചു വർഷത്തേക്ക് കൂടി നീട്ടുക എന്ന സംസ്ഥാനങ്ങളുടെ ആവശ്യം പരിഗണിച്ചിട്ടില്ല.ധനമന്ത്രി പ്രതീക്ഷിക്കുന്ന പോലെ 2047ലെ ഇന്ത്യയെ ലക്ഷ്യം വെക്കുന്ന ബജറ്റ് ആകണം എങ്കിൽ സമഗ്രമേഖലകളിലെക്ക് സർക്കാരിന്റെ കണ്ണുകൾ എത്തേണ്ടതുണ്ട്

ഈ കേന്ദ്ര ബജറ്റ് അതിന് സഹായകരം ആകുമോ എന്ന് സംശയം ആണ്.



# പരിസ്ഥിതി സംരക്ഷണം കടലാസിൽ മാത്രം

**ഗോകുൽ ജെ എസ്**

**പ**ച്ച വിരിഞ്ഞു നിൽക്കുന്ന നെൽപ്പാടങ്ങൾ, കണ്ണാടി ചില്ലുകൾ പോലെ തിളങ്ങി ഒഴുകുന്ന ജലസ്രോതസ്സുകൾ, തലയുയർത്തി പ്രൗഢിയോടെ നിൽക്കുന്ന മലനിരകൾ, തഴുകി തലോടി വീശുന്ന കാറ്റ്, കർഷകനെ തേടിയെത്തുന്ന മഴ എല്ലാം കഴിഞ്ഞ് ഒരു വേനലും. ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കുന്ന കേരളത്തിന്റെ പഴയ കാലരൂപം മാത്രമാണിത്.

കാലങ്ങൾക്കിപ്പുറം സ്വാർത്ഥതാൽപര്യങ്ങൾ വളർന്നു വന്നപ്പോൾ നഷ്ടമായത് കേരളത്തിന്റെ പാരമ്പര്യം ആണ്. നിരവധി കവികൾ വർണിച്ചെഴുതിയ കേരളത്തിന്റെ ആ ഭംഗി ഇല്ലാതായിരിക്കുന്നു. വയലുകൾ അപ്രത്യക്ഷമായി, നദികൾ മലിനമായിരിക്കുന്നു, മലകൾ , കുന്നുകൾ, വനങ്ങൾ, കാലാവസ്ഥ പോലും മാറി മറിയുന്നു. മഴക്കാലത്ത് ചുട്ടുപൊള്ളുന്ന വെയിലിൽ കേരളം ഉരുകി തീരുന്നു. പ്രതീക്ഷിക്കാതെ എത്തുന്ന പ്രളയത്തിൽ കേരളം മുങ്ങി താഴുന്നു.

സംസ്ഥാന നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പു പ്രചാരണത്തിൽ പോലും പരിസ്ഥിതി സംരക്ഷണം കാര്യമായി ചർച്ചചെയ്യപ്പെടാതെ പോയി. 2019 ൽ എൽ ഡി എഫ് പുറത്തിറക്കിയ പ്രോഗ്രസ് റിപ്പോർട്ടിൽ ഖര, ജല, വിസർജ്യ മാലിന്യ പ്രശ്നം രൂക്ഷമാണെന്നും 65 ലക്ഷം കിണറുകളിൽ മിക്കതും കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കൊണ്ട് അപകടാവസ്ഥയിലാണെന്നും സമ്മതിക്കുന്നുണ്ട്. പ്ലാസ്റ്റിക് കുപ്പികൾ കടലിനെ വരെ അശുദ്ധമാക്കി.

രാജ്യത്ത് ഏറ്റവും അധികം ആശുപത്രി മാലിന്യങ്ങൾ ഉണ്ടാകുന്ന കേരളത്തിൽ അവയെ പൂർണമായി ശുദ്ധീകരിക്കുവാൻ കഴിയുന്നില്ല. സ്വീവേജ് വെള്ളം ശുദ്ധീകരിക്കുന്ന കാര്യത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ എത്രയോ താഴെയാണ് എന്ന് സമ്മതിക്കുന്ന റിപ്പോർട്ട് ഒന്നേകാൽ കോടി വാഹനങ്ങളുടെ സാന്നിധ്യം ഒട്ടേറെ പാരിസ്ഥിതികമായ ദുരിതങ്ങളിൽ എത്തിച്ചുകൊണ്ടിരിക്കുന്നതായുംസൂചിപ്പിക്കുന്നു. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന വെല്ലുവിളികളെ കുറിച്ചും റിപ്പോർട്ട് പരാമർശിച്ചിരുന്നു.

79/80 കാലത്ത് 8.8 ലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽപാടത്തിന്റെ വിസ്തൃതി 2010 കഴിഞ്ഞപ്പോൾ 2 ലക്ഷത്തിനും താഴെയായി.തുടർന്നു നടന്ന സമരങ്ങളുടേയും മറ്റും ഫലമായാണ് നെൽവയൽ തണ്ണീർതട നിയമം നടപ്പായത്. എന്നാൽ നിയമം നടപ്പിലാക്കിയ ശേഷവും കാൽ ലക്ഷം ഹെക്ടർ നെൽപാടങ്ങൾ നികത്തി എന്നതാണ് വസ്തുത. നെല്ലിന്റെ ലഭ്യത മാത്രമല്ല, പാടശേഖരങ്ങൾ മികച്ച ജല സംഭരണികളാണെന്ന വസ്തുതയും എല്ലാവരും മറന്നു. അതിന്റെ ദുരിതങ്ങൾ രൂക്ഷമാകാൻ പോകുന്നതേയുള്ളൂ.

പശ്ചിമഘട്ടത്തിലേക്കു വന്നാൽ സ്ഥിതി അതിലേറെ ദയനീയമാണ്. അതിരൂക്ഷ പ്രളയകാലത്ത് പശ്ചിമഘട്ട സംരക്ഷണ വിഷയം ഉയർന്നു വന്നെങ്കിലും പെട്ടന്നു തന്നെ അതുമായി ബന്ധപ്പെട്ട ചർച്ചകൾ അവസാനിച്ചു. പശ്ചിമഘട്ടത്തിനു മാത്രമല്ല, കേരളത്തിനു മൊത്തം ഭീഷണിയായി മാറിയിട്ടുള്ള ആയിരക്കണക്കിനു ക്വാറികളിൽ മിക്കവയും അനധികൃതമാണെന്ന് കെ.എഫ്.ആർ.ഐ പഠനം തന്നെ പുറത്തു കൊണ്ടുവന്നിട്ടും ഒന്നും സംഭവിച്ചില്ല. മറിച്ച് ഖനന നിയന്ത്രണത്തിലുള്ള പഞ്ചായത്ത് അധികാരം എടുത്തു കളഞ്ഞു. ദൂരപരിധി 50 മീറ്ററാക്കി ചുരുക്കി. സർക്കാർ പാട്ടഭൂമിയിൽ നിന്നും ഖനനം സാധ്യമാക്കി. ഭരണ സംവിധാനത്തിൽ ക്വാറി മാഫിയയുടെ സ്വാധീനത്തെയാണ് ഇതെല്ലാം വെളിവാക്കുന്നത്.

***ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങളിലേക്കാണ് കേരളം നീങ്ങുന്നത് . ഈ വിഷയത്തോട് ബോധത്തോടെയുള്ള നിലപാടെടുക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാകണം.***

ശക്തമായ നടപടികളെ തുടർന്ന് വനനശീകരണം കുറഞ്ഞിട്ടുണ്ട്. എന്നാൽ വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം രൂക്ഷമാകുകയാണ്. അക്കാര്യത്തിൽ കാര്യമായി മുന്നോട്ടു പോകാനാകുന്നില്ല. ഇക്കാര്യത്തിൽ പൊതുവിലുള്ള ജനവികാരം പരിസ്ഥിതി സംരക്ഷണത്തിനെതിരെയാണ്.

പശ്ചിമഘട്ട മേഖലയിൽ വൻകിട കുത്തകകൾ അനധികൃതമായി കൈയടക്കിയിട്ടുള്ള ലക്ഷക്കണക്കിനു ഏക്കർ തോട്ടം ഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്ന കാര്യത്തിലും ഒരടി പോലും സർക്കാർ മുന്നോട്ടു പോയിട്ടില്ല. ആദിവാസികളുടെ വനാവകാശം അട്ടിമറിക്കാനുള്ള നീക്കങ്ങൾ ശക്തമാകുന്നു. തോട്ടം തൊഴിലാളികളുടെ ജീവിതമാകട്ടെ മഹാദുരിതമായി തുടരുന്നു.

മണൽ വാരലിനു കുറവുണ്ടെന്നു പറയുമ്പോഴും സംസ്ഥാനത്തെ പല നദികളിലും വ്യാവസായിക മലിനീകരണം രൂക്ഷമായി തുടരുന്നു. ഏറ്റവും വലിയ ഉദാഹരണം പെരിയാർ തന്നെ. പശ്ചിമഘട്ടം നേരിടുന്ന വെല്ലുവിളിക്കു സമാനമാണ് കടലുകളും നേരിടുന്ന വെല്ലുവിളി. ഒരു വശത്ത് കടൽവെള്ളവും മലിനമാകുന്നു. മീനുകളുടെ ലഭ്യത കുറയുന്നു.മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതമയമാകുന്നു. തീരദേശ വികസന പ്രവർത്തനങ്ങളും ആഗോള താപനവും മൂലം കടൽ കരയെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു. ശംഖുമുഖവും,വിഴിഞ്ഞവും ഒക്കെ കടൽകയറലിന്റെ ചെറിയ രൂപം മാത്രമാണെന്ന് പഠനങ്ങൾ പറയുന്നു.

വൻകിട പദ്ധതികളാണ് വികസനത്തിന്റെ മുഖം എന്ന നിലപാടാണ് പൊതുവിൽ മാറിമാറി ഭരിക്കുന്ന സർക്കാരുകൾക്കും ജനങ്ങൾക്കുമുള്ളത്.അവയുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാൻ താൽപര്യമില്ലെന്നു മാത്രമല്ല, അവക്കായി കുടിയൊഴിപ്പിക്കുന്നവരുടെ അവകാശങ്ങൾ കൃത്യമായി സംരക്ഷിക്കപ്പെടുന്നുമില്ല.

നമ്മുടെ തലതിരിഞ്ഞ വികസന നയത്തിന്റെ മികച്ച ഉദാഹരണമായിരുന്നു കീഴാറ്റൂരിൽ കണ്ടത്. മറ്റനവധി നിർദേശങ്ങളുണ്ടായിട്ടും പാടം നികത്തിയേ റോഡ് നിർമിക്കൂ എന്ന വാശിക്കു പിറകിലെ താൽപര്യങ്ങളെല്ലാം വ്യക്തമാണ്. ഇപ്പോഴിതാ നിലവിലെ റെയിൽ പാതക്കു സമാന്തരമായി പുതിയ പാതയുണ്ടാക്കാമെന്നിരിക്കേ ജനവാസ-വയൽ മേഖലകളിലൂടെ നിർമിക്കാനാണ് നീക്കം.

സ്വകാര്യ വാഹനങ്ങളെ നിയന്ത്രിച്ച് പൊതുവാഹനങ്ങൾക്ക് പ്രോത്സാഹനം നൽകുമെന്ന പ്രഖ്യാപനമൊക്കെ അറബിക്കടലിലെറിഞ്ഞിരിക്കുന്നു. അതിനാൽ തന്നെ കാർബൺ ബഹിർഗമനം കാലാവസ്ഥാവ്യതിയാനവും രൂക്ഷമാകുന്നു.

# ഹൃദയം കവർന്ന് *ഹൃദയം*

ഗോകുൽ ജെ എസ്



**ഈ** വർഷം ഏറ്റവും പ്രതീക്ഷയോടെ കാത്തിരുന്ന ചിത്രമായിരുന്നു ഹൃദയം.സിനിമ പ്രഖ്യാപിച്ചപ്പോൾ അങ്ങനെയൊരു പ്രതീക്ഷ വയ്ക്കാനുള്ള കാരണം വിനീത് ശ്രീനിവാസൻ എന്ന സംവിധായകന്റെ കൈയിലെ പ്രണവ് മോഹൻലാൽ എന്ന നടനെങ്ങനെയാകും എന്നൊരു ആകാംഷ തന്നെയായിരുന്നു.

വിനീത് ശ്രീനിവാസൻ രചനയും സംവിധാനവും നിർവഹിച്ച തീയറ്റർ റിലീസായി വന്ന ചിത്രമാണ് ഹൃദയം. പ്രണവ് മോഹൻലാൽ, ദർശന രാജേന്ദ്രൻ, കല്യാണി പ്രിയദർശൻ എന്നിവർ പ്രധാന വേഷത്തിലെത്തിയ ചിത്രത്തിൽ അശ്വത് ലാൽ, വിജയ രാഘവൻ, അജു വർഗ്ഗീസ്, ജോണി ആന്റണി, വിജയ് കൃഷ്ണൻ, അരുൺ കുര്യൻ തുടങ്ങിയവരും പിന്നെ ഒട്ടേറെ പുതുമുഖങ്ങളും പ്രാധാന്യമുള്ള വേഷങ്ങളിൽ എത്തുന്നുണ്ട്. പാട്ടുകൾക്ക് ഏറെ പ്രാധാന്യമുള്ള ചിത്രത്തിലെ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്നത് ഹിഷാം അബ്ദുൽ വഹാബ് ആണ്. വലിയ ഇടവേളയ്ക്ക് ശേഷം മലയാളത്തിലെ പ്രശസ്തമായ സിനിമ നിർമ്മാണ കമ്പനിയായ മെരിലാന്റ് സിനിമ നിർമ്മാണത്തിലേക്ക് തിരികെ എത്തുന്നു എന്നതും ഹൃദയത്തിന്റെ പ്രത്യേകതയാണ്.

ഏറെ സ്വപ്നങ്ങളുമായി ചെന്നൈയിലെ എഞ്ചിനീയറിങ് കോളേജിൽ പഠനത്തിനെത്തുന്ന അരുൺ എന്ന ചെറുപ്പക്കാരന്റെ കഥയാണ് ചിത്രം. അരുണിന്റെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളാണ് ചിത്രത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. ക്യാംപസ് ജീവിതത്തിനെ വർണാഭമാക്കുന്ന സൗഹൃദവും പ്രണയവും തന്നെയാണ് ഹൃദയത്തിന്റേയും കാതൽ. ക്യാംപസ്, സൗഹൃദം, അരുൺ, ദർശന എന്നീ നാലുഘടകങ്ങളില്ലാതെ ഒരു ഫ്രെയിം പോലും ഹൃദയത്തിൽ കാണാനാവില്ല.

ക്യാമ്പസും കേന്ദ്ര കഥാപാത്രത്തിന്റെ പ്രണയവുമൊന്നും പുതുമയുള്ള വിഷയങ്ങളല്ലെങ്കിലും ചുറ്റുപാടുകൾക്ക് നൽകിയിരിക്കുന്ന ശ്രദ്ധയും ഒപ്പം പോകുന്ന മ്യൂസിക്കൽ ട്രാക്കും ചിത്രത്തിന് വ്യക്തിത്വവും ആഴമേറിയ കാഴ്ചാനുഭവവും ഉണ്ടാക്കുന്നുണ്ട്. ഹിഷാം അബ്ദുൾ വഹാബ് സംഗീതം പകർന്ന 15 പാട്ടുകൾ എന്നതായിരുന്നു അതിലെ ഏറ്റവും വലിയ കൗതുകം. ഇത്രയും പാട്ടുകളുടെ ആകെ ദൈർഘ്യമെടുത്താൽ പിന്നെ കഥ പറയാൻ എവിടെയാണ് സമയം. പ്രീറിലീസ് തമാശകളിലൊന്നും കാര്യമില്ലെന്നാണ് ഹൃദയത്തിന്റെ കാഴ്ചാനുഭവം മനസിലാക്കി തരുന്നത്. ഏറെ തരംഗം തീർത്ത ദർശന എന്ന ഗാനമൊഴിച്ചാൽ, മറ്റു ഗാനങ്ങളൊന്നും സിനിമയ്ക്കിടയിൽ ഒരു പാട്ട് എത്തി എന്ന തോന്നൽ ഉളവാക്കുന്നില്ല.

മൂന്നുമണിക്കൂർ വരുന്ന ചിത്രം ഒരിക്കൽപ്പോലും പ്രേക്ഷകന്റെ ക്ഷമയെ പരീക്ഷിക്കുന്നില്ല എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.കഥാപാത്രങ്ങളിൽ ഒരാൾ പോലും നമുക്ക് അപരിചിതരല്ല എന്നതാണ് അതിന് കാരണം. സ്വന്തം അനുഭവമല്ലേ സ്ക്രീനിൽ കാണുന്നത് എന്ന തോന്നൽ ഉണ്ടായാലും അവരെ കുറ്റം പറയാനാവില്ല. കാരണം ഇങ്ങനെയൊക്കയുള്ള അനുഭവങ്ങൾ ഉണ്ടാവാത്തവർ കുറവായിരിക്കും എന്നതുതന്നെ. സിനിമ കണ്ടിറങ്ങുമ്പോൾ എന്തോ എവിടെയോ നഷ്ടമായതു പോലെ തോന്നിയേക്കാം. ആ നിമിഷമാണ് യഥാർത്ഥത്തിൽ ഈ സിനിമയുടെ വിജയവും. അകലങ്ങളിലെവിടെയോ ഉള്ള, നഷ്ടമായി എന്ന് കരുതുന്ന സുഹൃത്തുക്കളാണ്, ബന്ധങ്ങളാണ് കൊളുത്തിവലിക്കുന്നതായി ഉള്ളിലനുഭവപ്പെടുന്നത്. ഹൃദയത്തിന്റെ ഭാഷയിൽ വിനീത് ഒരുക്കിയ ഹൃദയത്തെ ഹൃദയം കൊണ്ടുകാണാം.

# മലയാള സിനിമയും ലോക്ക്ഡൗണും

ഗോകുൽ ജെ എസ്

**സി**നിമ കൂട്ടായ കലയാണ്, സിനിമാനിർമ്മാണം ഒരുപാട് ആളുകൾ നിറഞ്ഞ ഉത്സവ പ്രതീതിയിൽ ആണ് നടക്കാറുള്ളത്. . 2020 ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ പുതിയ സിനിമകൾ നിർമ്മിക്കാനോ പുറത്തിറക്കാനോ സാധിക്കാതെ സിനിമ ലോകം പ്രതിസന്ധിയിലേക്ക് ആഴ്ന്നിറങ്ങി. എന്നാൽ അധികം വൈകാതെ തന്നെ ആ പ്രതിസന്ധി തരണം ചെയ്യാൻ നമ്മുടെ സിനിമ മേഖലയ്ക്ക് സാധിച്ചു. തിയ്യറ്ററുകളിലെ സിനിമ റിലീസുകൾക്ക് പകരം ഒ ടി ടി പ്ലാറ്റ്ഫോമിലേക്ക് ഈ മേഖല മാറി.

2020 ജൂലായ് 3 ന് മലയാള സിനിമ ചരിത്രം മാറ്റി എഴുതി എൻ ഷാനവാസ് തിരക്കഥ എഴുതി സംവിധാനം ചെയ്ത വിജയ് ബാബു നിർമ്മിച്ച സൂഫിയും സുജാതയും ഒ ടി ടി പ്ലാറ്റ്ഫോം ആയ ആമസോൺ പ്രൈം വീഡിയോയിൽ റിലീസ് ചെയ്തു. തുടർന്ന് നിരവധി സിനിമകൾ ഒ ടി ടി പ്ലാറ്റ്ഫോമുകളായ മനോരമ മാക്സ്, നീ സ്ട്രീം , നെറ്റ്ഫ്ളിക്സ് എന്നിവയിൽ റിലീസ് ചെയ്തു. സി യു സൂൺ, ഗാർഡിയൻ, ദൃശ്യം 2 , ദി പ്രീസ്റ്റ്, വൺ, ഇരുൾ, ജോജി, നായാട്ടു, കോൾഡ് കേസ്, സാറാസ്, മാലിക്, കുരുതി, ഹോം, ഭ്രമം, കുറുപ്പ്, മധുരം, മിന്നൽ മുരളി എന്നിവ




അതിൽ ചിലത് മാത്രമാണ്.ഇതിൽ എടുത്ത് പറയേണ്ടത് 2020 സെപ്റ്റംബർ 1 ന് മഹേഷ് നാരായണൻ, ഫഹദ് ഫാസിൽ കൂട്ടുകെട്ടിൽ നിർമ്മിച്ച ആമസോൺ പ്രൈം വീഡിയോയിൽ റിലീസ് ചെയ്ത സി യു സൂൺ ആണ്. ആദ്യമായി ആണ് ഒരു മുഴുനീള ചിത്രം ഐ ഫോൺ ഉപയോഗിച്ച് നിർമ്മിക്കുന്നത്. ആ പ്രത്യേകത ഇതിനെ മറ്റു സിനിമകളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

ലോക്ക് ഡൗണിന് ശേഷം മലയാള സിനിമ രംഗത്ത് വലിയ മാറ്റങ്ങൾ ആണ് സംഭവിച്ചത്. എല്ലാവരും വീടുകളിൽ ആയപ്പോൾ സിനിമകളും സീരീസുകളും കാണുക എന്നത് മാത്രമായി പ്രധാന വിനോദം. ലോക്ക്ഡൗൺ കാലയളവ് കൂടുന്നതിനൊപ്പം മലയാളികൾ കാണാൻ തുടങ്ങിയ സിനിമകളും മാറാൻ തുടങ്ങി. ആമസോണും നെറ്റ് ഫ്ളിക്സും ഒക്കെ ലോക്ക്ഡൗണിന് ശേഷം കേരളത്തിൽ നിന്നുണ്ടായ ആസ്വാദകരുടെ വളർച്ച കണക്കുകൾ പുറത്ത് വിട്ടിരുന്നു.മലയാള സിനിമയുടെ രൂപവും ഭാവവും മാറി വരുന്ന പ്രവണതയാണ് ഈ കാലഘട്ടത്തിൽ റിലീസ് ചെയ്ത ഓരോ സിനിമയും എടുത്തു കാണിക്കുന്നത്. ഹാസ്യം, പ്രണയം, കുടുംബം, കലാലയം തുടങ്ങിയ സ്ഥിരം വിഷയങ്ങൾ മാറ്റി പകരം നിഘൂഢതകളും, ശാസ്ത്ര സാങ്കേതിക വിദ്യകളും ആരും പ്രതീക്ഷിക്കാത്ത ക്ലൈമാക്സ് രംഗങ്ങളും പ്രേക്ഷകർക്ക് മുന്നിൽ എത്തിയത് ആ സമയത്താണ്.2021 ഡിസംബറിൽ റിലീസ് ആയ ബേസിൽ ജോസഫ് സംവിധാനം ചെയ്ത മിന്നൽ മുരളി വലിയ ചർച്ചയായിരുന്നു

സിനിമകളിലെ പൊളിറ്റിക്കൽ കറക്റ്റ്നെസ്സ്, സംവിധായകന്റെ നിലപാട്, സ്ത്രീ വിരുദ്ധത എന്നിവ മലയാളികൾ ഗൗരവത്തോടെ പരിഗണിക്കുന്ന വിഷയങ്ങൾ ആണിന്ന് . കാലത്തിന് അനുസൃതമായ മാറ്റങ്ങൾ മലയാള സിനിമ രംഗത്ത് നേരത്തെ തന്നെ ഉണ്ടായി തുടങ്ങിയിരുന്നു. എല്ലാ തരം സിനിമകൾ കാണാനും എല്ലാ തലത്തിൽ നിന്നും സിനിമകളെ വിലയിരുത്താനും ഭൂരിഭാഗം വരുന്ന ആസ്വാദകരും ഇപ്പോഴും പ്രാപ്തരാണ്.

# ചുരുൾ അഴിയുമ്പോൾ ച്യുതി?

രഞ്ജിത് മാത്യൂ

**ലി**ജോ പെല്ലിശ്ശേരി സംവിധാനം നിർവഹിച്ച ചുരുളി ദിവസങ്ങൾക്കുള്ളിൽ നേടിയെടുത്തത് അനേകം വിശേഷണങ്ങൾ ആണ്. അസംബന്ധം, തെറി, അസഭ്യം, ധാർമികതയ്ക്കേറ്റ പ്രഹരം അങ്ങനെ ആ പട്ടിക നീണ്ടു പോകുന്നു.

കേട്ടതും വായിച്ചതും അറിഞ്ഞതുമായ അഭിപ്രായ കോളിളക്കങ്ങൾ മനസ്സിൽ സൃഷ്ടിച്ച വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും അടക്കിവച്ച് , ഭയത്തോടെയാണ് ചുരുളി കാണാൻ ഇരുന്നത്. ചുരുളി ഒരു കുടുംബചിത്രം അല്ല എന്ന് വ്യക്തമാക്കുന്നത് ആണ് അതേപ്പറ്റി നിർമ്മാതാക്കൾ നൽകിയ വിവരങ്ങൾ.

ഭൂപ്രകൃതിയിലും, ആശയപരമായും ഇതൊരു ചുരുളി തന്നെ. കയറി കയറിപ്പോയാൽ തിരികെ ഇറങ്ങാൻ പറ്റാത്ത ഒരു നിർമ്മിതി.പ്രേക്ഷകരുടെ ഭാവനയ്ക്ക് യഥേഷ്ടം വിഹരിക്കാൻ അവസരമൊരുക്കി കൊണ്ട് തിരക്കഥാകൃത്തായ എസ് ഹരീഷും സംവിധായകനായ ലിജോ ജോസഫും ചേർന്ന് കെട്ടിപ്പൊക്കിയ ഒരു ചുരുളിൽ തന്നെയാണ് ചുരുളി എന്ന ചിത്രം.



*ചുരുളിയിലെ ഒരു രംഗം*

സിനിമയിലെ സാങ്കേതിക മേന്മകളും മികവുകളും കുറവുകളും എല്ലാം മാറ്റി വച്ചു പ്രമേയത്തെ കുറിച്ച് ചിന്തിച്ചാൽ അസാധാരണമായി ഒന്നും തന്നെ ഈ ചിത്രത്തിൽ ഇല്ല. ആവിഷ്കാര സ്വാതന്ത്ര്യം ആവോളം വിനിയോഗിച്ച് പ്രേക്ഷകരെ ആകർഷിക്കാനുള്ള തന്ത്രത്തിൽ അറിഞ്ഞോ അറിയാതെയോ സിനിമ കൂടുതലായി കേന്ദ്രീകരിക്കുന്നത് പുരുഷ പ്രേക്ഷകരെയോ എന്ന് സംശയം ജനിപ്പിക്കുന്ന രീതിയിലുള്ള കഥാതന്തുവും സംഭാഷണ രീതികളുമാണ് ചിത്രത്തിലുടനീളം കാണാൻ സാധിക്കുന്നത്.

അത്ഭുതദ്വീപ് എന്ന സിനിമയിലെ കുള്ളന്മാരുടെയും, ഗുരു എന്ന സിനിമയിൽ അന്ധൻമാരുടെ യും ലോകത്തിൻറെ സംസ്കാരം തുറന്നുകാട്ടിയത് പോലെ കുറ്റവാളികളുടെ ഒരു ലോകം ഉണ്ടെങ്കിൽ അവിടത്തെ സംസ്കാരം ഇതു പോലെ ആകാം തുറന്നുകാട്ടുന്നതാണ് ഈ ചിത്രത്തിന്റെ ഇതിവൃത്തം.

അൽപ സമയത്തേക്കെങ്കിലും തങ്കനായി എത്തിയ ജോജു ജോർജ്ജും മൈലാടും പറമ്പിൽ ജോയി ആയിഎത്തിയ സൗബിനും ലയിച്ചു തന്നെ അഭിനയിച്ചു.ജാഫർ ഇടുക്കിയുടെ വർക്കച്ചനും സജിൻ ഗോപുവിന്റെ ജീപ്പു ഡ്രൈവറും പൂർണതയോടടുത്തു. ഗീതി സംഗീതയ്ക്ക് അല്പം കൂടി അഭിനയ മികവ് വേണം എന്നു തോന്നിച്ചു.



*ചുട്ടിപ്പാറ*

## ചുട്ടിപ്പാറയും ഐതീഹ്യങ്ങളും

**അഭിലാഷ് ജെ ജെയിംസ്**

**പ**ത്തനംതിട്ട നഗരത്തിന്റെ ഹൃദയഭാഗത്ത് നഗരവാസികൾക്ക് മാത്രം അറിയാവുന്ന പാറയാണ് ചുട്ടിപ്പാറ. ചുട്ടിപാറയുടെ മുകളിൽ നിന്നാൽ പത്തനംതിട്ട നഗരത്തിന്റയും പശ്ചിമഘട്ട മലനിരകളുടെ സൗന്ദര്യം ആസ്വദിക്കാം എന്നുള്ളത് ഐതിഹ്യങ്ങൾക്ക് അപ്പുറത്ത് ചുട്ടിപ്പാറയ്ക്ക് വിനോദസഞ്ചാര സാധ്യതകളും നൽകുന്നു.

സമുദ്രനിരപ്പിൽ നിന്ന് 200 അടി ഉയരത്തിൽ മൂന്ന് പാറകൾ ചേർന്നതാണ് ചുട്ടിപ്പാറ.ചേലവിരിച്ചാപ്പാറയാണ് ആദ്യത്തെ പാറ. പണ്ട് രാമനും സീതയും ലക്ഷ്മണനും വനവാസകാലത്ത് അവിടെ എത്തിയെന്നും. അവർ ശിവനെ ആരാധിച്ച ശിവലിംഗം ആണ് ആ ക്ഷേത്രത്തിലെ പ്രതിഷ്ഠ എന്നുമാണ് വിശ്വാസം.

കാറ്റാടിപ്പാറയാണ് രണ്ടാമത്തെ പാറ. വായുപുത്രൻ ആയ ഹനുമാൻ ഇവിടെ താമസിച്ചിരുന്നു എന്നും അതുകൊണ്ടാണ് ഈ പാറയിൽ ശക്തമായ കാറ്റ് അടിക്കുന്നതെന്നും ആണ് വിശ്വാസം.മൂന്നാമത്തെ പാറ പുല്ലിപാറയാണ് പുലിയുടെ ഗുഹ പോലെ ഈ പാറയിൽ ഒരു ഗുഹഉള്ളത് കൊണ്ടാണ് ആ പേര് വരാൻ കാരണം.

ഐതിഹങ്ങളെ മാറ്റി നിർത്തിയാൽ ഇപ്പോഴും ശ്രദ്ധ കിട്ടാതെ കിടക്കുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമാണ് ചുട്ടിപ്പാറ. ടിക്കറ്റ് പോലും എടുക്കാതെ ചുട്ടിപ്പാറയിൽ കയറാം. അത്രയും വിനോദ-തീർത്ഥാടന സഞ്ചാര സാധ്യതകൾ ഉള്ള ഒരു കേന്ദ്രം ആണ് ആരാലും കാണാതെ പോകുന്നത് .

# ഏലമലയിലെ ജീവിതങ്ങൾ

**രാഗേന്ദു പി ആർ**

**കാര്യവട്ടം:** ഏലമലയിലെ കോട്ടയാർ തടാകത്തിനു ചുറ്റും വസിക്കുന്ന ആദിവാസികളാണ് കാണിക്കാർ. വന്യമൃഗങ്ങൾക്ക് യാതൊരുവിധത്തിലുള്ള ശല്യവും ചെയ്യാതെ മുള ഉപയോഗിച്ചുള്ള കുടിലുകൾ കെട്ടി വസിക്കുന്ന ഇവരുടെ ജീവിത രീതി വളരെ ശ്രദ്ധേയമാണ്.

കുല ദൈവങ്ങളിലും മല ദൈവങ്ങളിലും ഒരുപാട് വിശ്വസിക്കുന്ന ഇവർ ആരാധനയ്ക്കായി ക്ഷേത്രങ്ങളോ മറ്റോ നിർമ്മിക്കാത്തവരാണ്. വർഷത്തിലൊരിക്കൽ കൊടുതി കളത്തിൽ നടത്തുന്ന കൊടുതിയാണ് ഇവരുടെ ഉത്സവം. വ്രതാനുഷ്ഠാനത്തോടെ കൂടിയാണ് ഈ കർമ്മത്തിൽ കാണിക്കാർ ഏർപ്പെടുന്നത്. കേട്ടുകേൾവികൾ ഇല്ലാത്ത വിശ്വസനീയമല്ലാത്ത പല ആചാരാനുഷ്ഠാനങ്ങളുടയും വിശ്വാസങ്ങളുടെയും ഊരുകൾ.

ഒരുപക്ഷേ ആ അവർണ്ണ വിശ്വാസങ്ങളും സംസ്കാരവും ആയിരിക്കാം അവരെ നിഴലിൽ ആക്കുന്നത്. ലോകത്തിൻറെ വളർച്ച അവരിലും ഇടയ്ക്കുവെച്ച് എത്തിച്ചേർന്നിട്ടുണ്ടാവണം. അതുകൊണ്ടാവണം ചില രെങ്കിലും വിദ്യാസമ്പന്നരായി മാറിയത്. എന്നിരുന്നാലും അവരുടെ നിറത്തോടും ശരീരത്തോടും മനുഷ്യർക്ക് പരിഹാസമാണ്.

കഴിഞ്ഞ 15 വർഷങ്ങൾക്കിടയിൽ തലസ്ഥാനജില്ലയിലെ മലമ്പ്രദേശങ്ങളിൽ മരാസ്മസ്സും ക്ഷയവും കുഷ്ഠരോഗവും പടർന്നു പിടിച്ചിരുന്നു.ദാരിദ്ര്യവും അതിനുപിന്നാലെ പോഷകാഹാരക്കുറവും കൂടി എത്തിയതോടെ കാണിക്കാരുടെ ജീവിതം മോശം അവസ്ഥയിലായി. പുറം നാട്ടിൽ നിന്ന് 10 മുതൽ 25 കിലോമീറ്റർ അകലെയാണ് ആദിവാസി ഊരുകൾ ഉള്ളത്. ഇവിടെ താമസിക്കുന്ന പലർക്കും പോഷകാഹാരം ലഭിക്കാറില്ല. കുഞ്ഞുങ്ങൾക്ക് വരെ ക്ഷയരോഗം ഉണ്ടെന്ന് മനസ്സിലാക്കിയിട്ടും കാണിക്കാർ വിഭാഗം ചികിത്സിക്കാൻ തയ്യാറാകുന്നില്ലെന്ന് ആരോഗ്യപ്രവർത്തകർ പറയുന്നു.ഒറ്റമൂലി പ്രയോഗത്തിൽ ഇവർ അഗ്രഗണ്യന്മാരായിരുന്നു. സാധാരണഗതിയിൽ ഒരു നേരത്തെ ആഹാരം കഴിക്കുന്ന അവർക്ക് വിശന്നു പൊരിയുമ്പോൾ ആശ്വാസമാണ് ആരോഗ്യപച്ച. കാണിക്കാരുടെ സമൂഹത്തിന്റെ അറിവായ ആരോഗ്യപ്പച്ച എന്ന ചെടിയുടെ ഊർജ്ജദായകത കേരള സർക്കാർ ഗവേഷണകേന്ദ്രമായ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പേറ്റന്റ് നേടി കോയമ്പത്തൂർ ആയുർവ്വേദ ഫാർമസിക്ക് ജീവനി എന്ന പേരിൽ ഔഷധനിർമ്മാണത്തിനായി ലൈസൻസ് നൽകുകയുണ്ടായി. ഇത് നാട്ടറിവുകളുടെ നഗ്നമായ ചൂഷണമാണെങ്കിലും ലൈസൻസ് ഫീസിന്റെ ഒരു ഭാഗം കാണിവിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

കാണിക്കാരുടെ പുതിയ തലമുറ വിദ്യാഭ്യാസം ലഭിക്കുന്നവർ ആണ്. കേരള പി എസ് സിയിലൂടെ ഗവണ്മെന്റ് സ്ഥാപനങ്ങളിൽ തൊഴിൽ നേടിയെടുത്ത പട്ടികവർഗക്കാരിലെ പ്രധാന വിഭാഗം കാണിക്കാർ ആണെന്ന് കണക്കുകൾ ബോധിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെ വരവോട് കൂടി അന്ധമായ വിശ്വാസങ്ങളിൽ നിന്ന് അവർ പുറത്തേക്ക് വന്നിട്ടുണ്ട്. കാണിക്കാരുടെ ഇനിയുള്ള ആവശ്യം സുരക്ഷിതമായ ഗതാഗതസൗകര്യം ആണ്.

# പരാധീനതയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ്

**ആതിര എം ജെ**

**കാര്യവട്ടം:** കേരളത്തിലെ ആരോഗ്യ മേഖല കണക്കിലെടുക്കുകയാണെങ്കിൽ ആദ്യത്തേതും അതുപോലെ ഏറ്റവും പഴക്കമേറിയതും വലുതുമായ മെഡിക്കൽകോളേജ് അനന്തപുരി കേന്ദ്രമാക്കിയാണ് നിലനിൽക്കുന്നത് .കേരളത്തിന്റെ പലഭാഗങ്ങളിലായി ഇന്ന് 28 മെഡിക്കൽ കോളേജുകൾ ആണുള്ളത്.

ദിവസേന അനേകം രോഗികളും അവരെ പരിപാലിക്കുന്നവരും എത്തിച്ചേരുന്ന ഇടമാണ് മെഡിക്കൽ കോളേജ്. എന്നാൽ അവർക്ക് ആവശ്യമായിട്ടുള്ള പൂർണമായ സജ്ജീകരണങ്ങൾ ലഭ്യമാക്കാൻ തിരുവന്തപുരം മെഡിക്കൽ കോളേജിന് സാധിച്ചിട്ടില്ല. വാഹനങ്ങൾക്ക് മതിയായ രീതിയിലുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഇവിടെയില്ല. അതിനാൽ ആശുപത്രികളിൽ എത്തുന്നവർക്ക് ആശുപത്രി പരിസരം വിട്ട് ദൂരെ വണ്ടി പാർക്ക് ചെയ്ത് നടന്ന് വരേണ്ട അവസ്ഥയാണ്.

രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വിശ്രമിക്കാനും കാത്തിരിക്കാനും മതിയായ ഇടം പോലും ഇല്ല. രോഗികളുടെ കൂടെ എത്തുന്നവർക്ക് അവരുടെ ആവശ്യകർമ്മങ്ങൾ നിർവഹിക്കുന്നതിനുള്ള ശുചീകരണ മുറികൾ പോലുമില്ല. എക്സറേ മെഷീനുകൾ കേടായതിനാൽ എക്സ്റേ എടുക്കാൻ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടിവരുന്നു. സർക്കാർ ആശുപത്രികളെ സമീപിക്കുന്ന സാധാരണ ജനതയ്ക്ക് ഇത്തരം ചെലവുകൾ താങ്ങാവുന്നതിലും അധികമാണ്.

ആശുപത്രിയിൽ കിടപ്പുരോഗികൾ കുടിവെള്ളത്തിനായി പുറത്തേക്ക് പോകുന്ന അവസ്ഥയാണ്. കൊറോണയുടെ രണ്ടാം താരംഗത്തിന് ശേഷം രോഗികൾക്ക് മതിയായ വാർഡുകൾ പോലും അനുവദിക്കാൻ ആശുപത്രി ഭരണകൂടം താൽപര്യം കാണിക്കുന്നില്ല. പഴയതിൽ നിന്നും കുറച്ച് കെട്ടിടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നല്ലാതെ കെട്ടിടങ്ങളിൽ മതിയായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടില്ല.

രോഗികളും കൂട്ടിരിപ്പുകാരും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ, ജീവനക്കാരുടെ പെരുമാറ്റം ദയാപൂർവ്വം ആക്കാനും ആശുപത്രി ഭരണകൂടം ശ്രദ്ധിച്ചേ മതിയാവൂ.

## ഇന്നത്തെ ചിന്താവിഷയം




ചീഫ് എഡിറ്റർ : സുരേഷ് കെ എസ്
ഇഷ്യൂ എഡിറ്റർ : ഡോ. എം എസ് ഹരികുമാർ

എഡിറ്റോറിയൽ ബോർഡ് :
ആര്യ സി കെ
രാഗേന്ദു പി ആർ
ഗോകുൽ ജെ എസ്
അഭിലാഷ് ജെ ജെയിംസ്

ഡിസൈൻ : ആര്യ സി കെ
സ്റ്റുഡൻഡ് എഡിറ്റർ : രാഗേന്ദു പി ആർ
ഫോട്ടോഗ്രാഫർ : സൂരജ് കൃഷ്ണൻ
എഡിറ്റോറിയൽ ആൻഡ് ഡിസൈൻ അസ്സിസ്റ്റൻസ് : രഞ്ജിത് ആർ .

http://dcjku.in/
dcjkerala@gmail.com

# പറന്നകന്ന വാനമ്പാടി



ലത മങ്കേഷ്കർ

**ആര്യ സി കെ**

**ഭാ**രതത്തിന്റെ വാനമ്പാടി , മെലഡികളുടെ രാജകുമാരി അങ്ങനെ പകരം വയ്ക്കാനില്ലാത്ത ശബ്ദ സൗന്ദര്യത്തിന് വിട.

ക്ലാസിക്കൽ ഗായകനും നാടക കലാകാരനുമായ പണ്ഡിറ്റ് ദീനനാഥ് മങ്കേഷ്കറിന്റെയും ശെവന്തി മങ്കേഷ്കറിന്റെയും മകളായി 1929 സെപ്റ്റംബർ 28 ന് മധ്യപ്രദേശിലെ ഇൻഡോറിൽ ജനനം. അച്ഛൻ സംഗീതജ്ഞൻ ആയതുകൊണ്ട് തന്നെ ഒരു സംഗീത പശ്ചാത്തലത്തിൽ ആയിരുന്നു ലതാജിയുടെ ബാല്യം. അച്ഛൻ തന്നെ ആയിരുന്നു ഗുരുവും. ദീനനാഥ് മങ്കേഷ്കറിന്റെയും ശെവന്തി മങ്കേഷ്കറിന്റെയും അഞ്ചു മക്കളിൽ ഏറ്റവും മുതിർന്ന മകളാണ് ലത ജി. മീന ഖദികർ, ആഷ ഭോസ്‌ലെ, ഉഷ മങ്കേഷ്കർ, ഹൃദയനാഥ് മങ്കേഷ്കർ എന്നിവർ സഹോദരങ്ങളാണ്.

തുടക്കം പിഴച്ചാൽ തിളക്കം മങ്ങുമോ എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ലത മങ്കേഷ്കർ. 1940 ൽ ആണ് പിന്നണി സംഗീതത്തിൽ അവസരം തേടി ബോളിവുഡിലേക്ക് തിരിച്ചത്. എന്നാൽ ആ നേർത്ത ശബ്ദം ആരെയും ആകർഷിച്ചില്ല. അവസരങ്ങളുടെ വാതിൽ അവർക്ക് മുന്നിൽ അടയ്ക്കപ്പെട്ടു. അച്ഛന്റെ മരണം കാരണം 13 വയസ്സിൽ തന്നെ കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കേണ്ടി വന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അവസ്ഥയിൽ സാമ്പത്തിക സ്ഥിരതലക്ഷ്യമിട്ടു സിനിമയിൽ മുഖം കാണിച്ചു.

1942 ൽ കിടി ഹസൽ എന്ന മറാത്തി ചിത്രത്തിൽ പിന്നണി ഗായികയായി അരങ്ങേറ്റം കുറിച്ചു. എങ്കിലും ആ ഗാനം സിനിമയിൽ നിന്നും നീക്കം ചെയ്തിരുന്നു. അതേ വർഷം മറ്റൊരു മറാത്തി ചിത്രത്തിൽ പാടി അഭിനയിച്ചു കൊണ്ടാണ് ലത ജീ തന്റെ തിരിച്ച് വരവ് അറിയിച്ചത്.

1942 ൽ മജ്ബൂറിലൂടെ മാന്ത്രിക സംഗീത യുഗത്തിന് തുടക്കം കുറിക്കുകയും സ്വന്തം ശൈലിയിലൂടെ പാട്ടിൽ അത്ഭുതങ്ങൾ വിരിയിക്കുകയും ചെയ്തു. ഒരിക്കൽ തള്ളിപ്പറഞ്ഞ ആ നേർത്ത ശബ്ദത്തിന്റെ സംഗീത വിരുന്നിനായി ആരാധകർ പാട്ടുപെട്ടിക്ക് മുന്നിൽ തപസ്സിരുന്നു. പിന്നണി ഗാനരംഗത്തിന്റെ ചരിത്രം തിരുത്തി കുറിച്ച നാളുകൾ ആയിരുന്നു പിന്നീട്. മറ്റാർക്കും എത്തിപ്പെടാനാകാത്ത ഉയരത്തിലേക്ക് ലത മങ്കേഷ്കർ പ്രതിഷ്ഠിക്കപ്പെട്ടു.

മെലഡികളുടെ രാജകുമാരി എന്ന പദവിയിൽ നിൽക്കുമ്പോഴും പാടുന്നതിന് മുൻപ് പരിശ്രമം ഏറെയായിരുന്നു .ലതാജീ ഒരിക്കൽ പോലും താൻ ആലപിച്ച ഗാനം സ്റ്റുഡിയോയിൽ വച്ച് കേട്ടിരുന്നില്ല. ഒരിക്കൽ ഇതിനെ കുറിച്ച് പത്രലേഖകർ ചോദിച്ചപ്പോൾ നിങ്ങൾ അത് വിലയിരുത്തു എനിക്ക് അതിൽ കുറവുകൾ മാത്രമേ കണ്ടെത്താൻ കഴിയൂ എന്ന് പറഞ്ഞു കൊണ്ട് ലത ജീ സ്റ്റുഡിയോയിൽ നിന്നും പുറത്തേക്ക് ഇറങ്ങിയിരുന്നു.

റെക്കോർഡിംഗ് സ്റ്റുഡിയോയിൽ ഒരു കാന്റീൻ പ്രവർത്തിക്കുന്ന കാര്യം പോലും അറിയാൻ നിൽക്കാതെ പാട്ട് മാത്രം കാണുകയും കേൾക്കുകയും ശ്വസിക്കുകയും ചെയ്യുന്ന അപൂർവ്വ വ്യക്തി. ഓരോ പാട്ടും ഒന്നിലൊന്ന് മികച്ചതായി തീർക്കുമ്പോൾ ആ മാന്ത്രിക ശബ്ദത്തിന് വേണ്ടി സംഗീത സംവിധായകർ മത്സരിച്ചു.ലഗ് ജാ ഗാലേ എന്ന ഗാനത്തിലൂടെ ആഗോളതലത്തിൽ പ്രകമ്പനം തീർക്കാനും ലത ജീക്ക് സാധിച്ചു.

ദിൽ തോ പാഗൽ ഹെ, ദിൽ സേ തുടങ്ങി സംഗീത സമ്പുഷ്ടമായ സിനിമകൾ ഏറെ. മെലഡി ഗാനങ്ങൾ മാത്രമല്ല ഗസൽ, പോപ്പ് തുടങ്ങിയവ എല്ലാം അനായാസം പാടി ആരാധകരുടെ മനം കവർന്നു.ഒരു ജനത മുഴുവൻ ആ സംഗീത വലയത്തിനുള്ളിലേക്ക് ആകർഷിക്കപ്പെട്ടു. സത്യം ശിവം സുന്ദരം എന്ന് അതി മധുരമായി പാടി ഇന്ത്യയുടെ കണ്ണ് നിറയിച്ചു.

സംഗീത സംവിധാനത്തിൽ ചുവടുറപ്പിച്ച് സ്വന്തമായി ഒരു സാമ്രാജ്യം പടുത്തുയർത്താൻ ലതാജീക്ക് കഴിഞ്ഞു. ഇന്ത്യയുടെ വന്ദേ മാതരം ഇന്നും ലോകം അറിയുന്നത് ലത മങ്കേഷ്കറിലൂടെ ആണ്. ജന ഗണ മന ആ ശബ്ദത്തിലൂടെ ഓരോ ഇന്ത്യക്കാരനേയും രോമാഞ്ചം അണിയിക്കുന്നു. 20 ഓളം ഭാഷകളിൽ പതിനായിരക്കണക്കിനു ഗാനങ്ങൾ ആലപിച്ചു. ലക്ഷ്മികാന്ത് പ്യാരെലാൽ കൂട്ടുകെട്ടിനൊപ്പം 800 ൽ അധികം പാട്ടുകൾ. ഏറ്റവും കൂടുതൽ ഡ്യൂയറ്റുകൾ പാടിയത് മുഹമ്മദ് റാഫിക്ക് ഒപ്പം. കിഷോർ കുമാർ, എ ആർ റഹ്മാൻ, എസ് പി ബാലസുബ്രഹ്മണ്യം തുടങ്ങി നൂറിൽ പരം സഹഗായകർ.

നേർത്ത ശബ്ദമാണ് എന്ന് കുറ്റപ്പെടുത്തി നിർമ്മാതാവ് തിരിച്ചു അയച്ച ശബ്ദമാണ് കാലപ്രയാണത്തിൽ സംഗീതത്തിന്റെ ലോകത്ത് നേടാവുന്ന ഏതാണ്ട് എല്ലാ പുരസ്കാരങ്ങളും സ്വന്തമാക്കിയത്. സലീൽ ചൗധരി മലയാളത്തിലേക്കും ആ നാദം എത്തിച്ചു. ഭാരതരത്നം, പത്മ ഭൂഷൺ, പത്മ വിഭൂഷൻ തുടങ്ങി ആർക്കും തകർക്കാൻ കഴിയാത്ത ബഹുമതികൾ.

അര നൂറ്റാണ്ടായി ഇന്ത്യൻ കാതുകളിൽ മുഴങ്ങുന്ന മധുര നാദം..ഭാഷഭേദമന്യെ ഒരു കാലഘട്ടത്തിന്റെ ശബ്ദമായ വർ..കാലങ്ങൾക്കിപ്പുറവും പുഞ്ചിരിയോടെ നിൽക്കുന്ന മുഖം.. ഇന്ത്യയുടെ സംഗീത സൗന്ദര്യമായിരുന്നു ലത മങ്കേഷ്കർ.

# മെൻസ്ട്രൽ കപ്പ് എന്ന വിപ്ലവം


*“ആർത്തവ സമയത്ത് സ്ത്രീ അനുഭവിക്കുന്ന വേദനയും പോരാട്ടവും സമാനതകളില്ലാത്തതാണ്. ഇടക്ക് ഇടക്ക് പാഡുകൾ മാറ്റേണ്ടി വരുന്നതും പാഡുകൾക്ക് പുറത്ത് രക്തക്കറ വരുമോ എന്ന ഭയത്തിലും ഞങ്ങൾ ഇപ്പോഴും ബുദ്ധിമുട്ടുകയാണ്, പ്രത്യേകിച്ച് നിലവിലെ സാഹചര്യത്തിൽ സ്ത്രീകൾ മണിക്കൂറുകളോളം പുറത്ത് ജോലി ചെയ്യുന്ന അവസരത്തിൽ മെൻസ്ട്രൽ കപ്പുകൾ വളരെ സുഖകരമാണ്.”*



**സ്നേഹ ടി**

*പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി*

*“എന്റെ അനുഭവത്തിൽ, വളരെ കംഫർട്ടബിളും ഉപയോഗപ്രദവുമായ ഒന്നാണ് മെൻസ്ട്രൽ കപ്പ്. എന്നാൽ അതു ഒരു ചോയ്സ് മാത്രം ആണ്. എല്ലാ മാറ്റങ്ങളോടും എല്ലാവർക്കും ഒരുപോലെ പൊരുത്തപ്പെടാൻ സാധിക്കണം എന്നില്ല. അതിനു പല കാരണങ്ങളും ഉണ്ടാവും. ബോധവൽക്കരണത്തിലൂടെ മാത്രമേ അതിന്റെ ഗുണവും പ്രാധാന്യവും കൂടുതൽ സ്ത്രീകളിലേക്ക് എത്തിക്കാൻ സാധിക്കൂ..”*



**ശിവ എൻ**

*അസിസ്റ്റന്റ് പ്രൊഫസർ*

*ഗവ. കോളേജ് കൽപ്പറ്റ*

**രാഗേന്ദു പി ആർ**

**സ്ത്രീ**കളും ആർത്തവവും എന്നും ഒരു ചർച്ച വിഷയം ആണ്. ആർത്തവ സമയത്ത് സ്ത്രീകൾ പൊതുവേ ഉപയോഗിച്ചു വരുന്നത് സാനിറ്ററി നാപ്കിനുകളാണ്. പല തരത്തിലുള്ള പല ബ്രാന്റുകളിലുള്ള സാനിറ്ററി നാപ്കിനുകളും ടാമ്പൂണുകളും ഇന്നത്തെ കാലത്ത് ലഭ്യമാണ്. ഈ ഗണത്തിൽ ഏറ്റവും പുതിയ ചുവടു വയ്പ്പാണ് മെൻസ്ട്രൽ കപ്പുകൾ.



സാനിറ്ററി നാപ്കിനുകളും, ടാമ്പൂണുകളും പോലെ സുരക്ഷിതമായ ഒന്നു തന്നെയാണ് മെൻസ്ട്രൽ കപ്പുകൾ. മാസമുറ സമയത്ത് ഗർഭാശയമുഖം അഥവാ സെർവിക്സിന് തൊട്ടു താഴേയായാണ് ഇതു വയ്ക്കുക. ഇത് ആർത്തവ രക്തം പുറത്തേയ്ക്കു വരാതെ ഉള്ളിൽ വച്ചു തന്നെ ശേഖരിയ്ക്കും. അതിനാൽ തന്നെ ഈ സമയത്തെ ഈർപ്പം, രക്തത്തിന്റെ നനവു കൊണ്ടുണ്ടാകുന്ന അസ്വസ്ഥത എന്നിവ ഉണ്ടാകുകയുമില്ല. മറ്റുള്ളവ രക്തം വലിച്ചെടുക്കുമ്പോൾ ഇത് രക്തം ശേഖരിക്കുന്നു. ഒരു കപ്പു വാങ്ങിയാൽ 10 വർഷം വരെ ഉപയോഗിക്കാൻ സാധിയ്ക്കും. സാധാരണ ഗതിയിൽ ഒരു സ്ത്രീ ജീവിതകാലത്ത് 11000 സാനിറ്ററി പാഡുകൾ ഉപയോഗിയ്ക്കുന്നുവെന്നതാണ് ഏകദേശ കണക്ക്. ഇതുണ്ടാക്കുന്ന പരിസ്ഥിതി ദോഷങ്ങൾ വേറെയും.

മെൻസ്ട്രൽ കപ്പ് ശരീരത്തിന്റെ അകത്തേക്ക് കയറ്റി വച്ചാൽ ഇത് 10-12 മണിക്കൂർ കഴിഞ്ഞാൽ പുറത്തെടുക്കാം. ഉപയോഗം കഴിഞ്ഞാൽ, പിന്നീട് ഇത് സോപ്പും ചുടുവെള്ളവും ഉപയോഗിച്ചു കഴുകി വൃത്തിയാക്കി ഉണക്കി എടുത്ത് അടുത്ത തവണ ഉപയോഗിയ്ക്കാം.

കൂടുതൽ ബ്ലീഡിംഗ് ഉള്ളവർക്ക് നാലഞ്ച് മണിക്കൂർ കൂടുമ്പോൾ ഇത് മാറ്റേണ്ടി വന്നേക്കാം. കപ്പ് ഉപയോഗിക്കുവാൻ ആദ്യം ഭയം തോന്നിയേക്കാം. അതിന്റെ ആവശ്യമില്ല. വേദനയുണ്ടാക്കുന്ന ഒന്നല്ല ഇത്. യൂട്യൂബിലും മറ്റും ഇത് ഉപയോഗിക്കുന്നത് എങ്ങനെ എന്ന് കാണിക്കുന്ന ധാരാളം വീഡിയോകളുണ്ട്. ഇത് അൽപം മടങ്ങിയ രീതിയിൽ പിടിച്ച് അകത്തേക്ക് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ആദ്യം ചെയ്യുവാൻ അൽപം പ്രയാസം തോന്നുമെങ്കിലും പിന്നീട് ഇത് എളുപ്പമാകും.

വിവാഹം കഴിഞ്ഞവർക്കും കഴിയാത്തവർക്കും പ്രസവം കഴിഞ്ഞവർക്കുമെല്ലാം ഇതുപയോഗിയ്ക്കാം. കപ്പ് ഉപയോഗിച്ചാൽ ഗർഭധാരണത്തിന് തടസം ഉണ്ടാവും എന്നതെല്ലാം തെറ്റിദ്ധാരണ മാത്രമാണ്. കിടപ്പിന്റെ രീതി അനുസരിച് ഇതു പൊസിഷൻ മാറി ലീക്കിംഗ് ഉണ്ടാകുമെന്ന ഭയവും വേണ്ട. കൃത്യമായ രീതിയിൽ വച്ചാൽ ഇതു യാതൊരു പ്രശ്നങ്ങളുമുണ്ടാക്കില്ല. രാത്രി സമയങ്ങളിൽ ഉറങ്ങുമ്പോഴുണ്ടാകുന്ന അസ്വസ്ഥകൾ ഇല്ല. ഇടയ്ക്കിടെ പാഡു മാറുകയെന്ന ബുദ്ധിമുട്ടുമില്ല. മൂത്ര വിസർജന സമയത്ത് രക്തം എന്ന ബുദ്ധിമുട്ടുമുണ്ടാകില്ല. യാത്രകളിൽ ഏറെ സുരക്ഷിതമായി ഉപയോഗിയ്ക്കാവുന്ന ഒന്നാണിത്.

# നിറങ്ങളിൽ നീരാടി...



*നിറങ്ങളുടെ ഉത്സവമായ ഹോളി ദിനത്തിൽ പരസ്പരം ചായങ്ങൾ അണിയിച്ചു സന്തോഷം പങ്കുവെയ്ക്കുന്ന കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസ് വിദ്യാർത്ഥികൾ.*

*ഫോട്ടോ :* **സൂരജ് കൃഷ്ണൻ**

# കാട്ടുപന്നിയുടെ ആക്രമണത്താൽ വലഞ്ഞ് ക്യാമ്പസ്

**അയന ബി**

**കാര്യവട്ടം:** കേരള സർവകലാശാലയിൽ ഹരിത കേരളം സർക്കാർ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ഹരിതാലയം സംരംഭം കാട്ടുപന്നിയുടെ ആക്രമണത്താൽ വലയുന്നു. 36 വർഷത്തിലേറെ തരിശായി കിടന്ന ഭൂമിയെ കൃഷിക്ക് യോഗ്യമാക്കിയാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. മനുരത്ന, ജ്യോതി, ഉമ എന്നിങ്ങനെ പ്രത്യുൽപാദനശേഷി കൂടിയ വിത്തിനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്. അതുകൂടാതെ ക്യാമ്പസിലെ അഞ്ച് ഏക്കർ ഭൂമി പച്ചക്കറിക്കായും മാറ്റിവെച്ചിട്ടുണ്ട്. നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് മൂലം അകേഷ്യ ഫ്രീ ക്യാമ്പസ് ആണ് സർവകലാശാല മുന്നോട്ട് വെക്കുന്ന അടുത്ത ആശയം. അകേഷ്യക്ക് പകരം 16000 ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ മാസങ്ങളിൽ കാട്ടുപന്നിയുടെ ആക്രമണം കൂടിവരികയാണ്. അതിരാവിലെ വ്യായാമത്തിന് പോകുന്ന വിദ്യാർത്ഥികളിൽ ചിലർ കാട്ടുപന്നിയുടെ കാൽപ്പാടുകൾ കണ്ടിട്ടുണ്ട്. ക്യാമ്പസ് അധികൃതരും വനംവകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് ഇവയുടെ ആക്രമണം തടയാൻ ഉള്ള മാർഗ്ഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമ പ്രകാരം ഷെഡ്യൂൾ അഞ്ചിൽ ഉൾപ്പെടുത്തിയാലെ ഇവയെ ഇല്ലായ്മ ചെയ്യുവാനാകൂ. കാട്ടുപന്നിയെ ശുദ്ര ജീവിയായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രഖ്യാപിക്കാതെ തുടർനടപടി എടുക്കാൻ സാധിക്കില്ല എന്ന് വനംവകുപ്പ് അധികൃതർ വ്യക്തമാക്കുന്നു.

അതുകൊണ്ട് രാസവസ്തുക്കൾ അടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ, വേലികൾ തുടങ്ങിയവയാണ് ഇപ്പോൾ ഇവയെ തുരത്താൻ സ്വീകരിക്കുന്ന മാർഗ്ഗം.

# മഹാരാജാസിലെ മരങ്ങൾ

**സൂരജ് കൃഷ്ണൻ**

**കൊ**ച്ചി മഹാരാജാസ് കോളേജിലെ ഡിജിറ്റൽ ഗാർഡനെ കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ട്രീസ് ഓഫ് മഹാരാജാസ് കോളേജ് എന്ന പുസ്തകം പുറത്തിറക്കി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സഹായത്തോടുകൂടിയാണ് പുസ്തകം പുറത്തിറക്കാൻ സാധിച്ചത്. പത്തോളം വരുന്ന വൃക്ഷ സസ്യ സമൃദ്ധിയെ കുറിച്ചുള്ള വിവരങ്ങളും ചിത്രങ്ങളും അടങ്ങുന്നതാണ് പുസ്തകം.

ഡോ . എ ഗംഗപ്രസാദിന്റെ നേതൃത്വത്തിൽ കേരള സർവകലാശാലയിലെ ബോട്ടണി വകുപ്പിലെ ഗവേഷകനായ അഖിൽ എസ്. വി നായരാണ് പുസ്തകത്തിന് പിന്നിൽ പ്രവർത്തിച്ചത്. ഇന്ത്യയിൽ തന്നെ ഡിജിറ്റൽ ഗാർഡൻ ഉള്ള ആദ്യത്തെ സർവകലാശാല കേരള സർവകലാശാലയാണ്. ഹരിത സംരംഭത്തിന്റെ ഭാഗമായി മഹാരാജാസ് കോളേജിനെ 2021 ഫെബ്രുവരിയിൽ ഡിജിറ്റൽ ഗാർഡനായി പ്രഖ്യാപിച്ചിരുന്നു. ഒരു പ്രദേശത്തെ പൂക്കളുടെയും വൃക്ഷലതാദികളുടെയും വിശദവിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി കമ്പ്യൂട്ടറിൽ സൂക്ഷിച്ചിരിക്കു കയാണ് ഇതുവഴി ചെയ്യുന്നത്. ആർക്കും കോഡ് മുഖേനെ കണ്ടെത്താവുന്ന രീതിയിലാണ് ഡിജിറ്റൽ ഉദ്യാനം രൂപകൽപ്പന ചെയ്തിരിക്കുന്നത്.




*ട്രീസ് ഓഫ് മഹാരാജാസ് കോളേജ് പുസ്തകത്തിന്റെ പ്രകാശന വേളയിൽ അഖിലേഷ് നായരും പ്രൊഫ. ഗംഗാപ്രസാദും മറ്റു പ്രവർത്തകരും.*




*വൈദ്യുതി വണ്ടിയുടെ ഉദ്ഘാടന വേളയിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ക്യാമ്പസ്സിലൂടെ സഞ്ചരിക്കുന്നു*

# വൈദ്യുതി വണ്ടിയിൽ ചുറ്റാം ക്യാമ്പസ്

**ഗോകുൽ ജെ എസ്**

**കാര്യവട്ടം:** കാർബൺ വിമുക്ത കാമ്പസ് എന്ന ലക്ഷ്യത്തോടെ കേരള സർവകലാശാല നടപ്പിലാക്കിയ മാതൃകാപരമായ പരിപാടിയാണ് ഇലക്ട്രിക് ബഗ്ഗികൾ എന്നറിയപ്പെടുന്ന ചെറു കാറുകൾ. കാണാൻ രണ്ട് ഓട്ടോറിക്ഷകൾ ചേർത്ത് നീളം കാർ പോലെയുള്ള ഈ വണ്ടികളിൽ 11 പേർക്ക് ഒരേസമയം യാത്ര ചെയ്യാനാകും.

കാമ്പസ് ഗേറ്റ് മുതൽ കാമ്പസിന് അകത്ത് എവിടെയും പോകാൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. പരീക്ഷണ അടിസ്ഥാനത്തിൽ ഇപ്പോൾ രണ്ട് ഇലക്ട്രിക് കാറുകളും, രണ്ട് ഇലക്ട്രിക് സ്കൂട്ടറുകളും, 75ഓളം സൈക്കിളുകളും ഹരിതജീവനം പദ്ധതിയുടെ ഭാഗമായി ക്യാംപസിൽ എത്തിച്ചിട്ടുണ്ട്.

വാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പാർക്കിംഗ് ഏരിയയിൽ നിർത്തിയ ശേഷം കാമ്പസിനുള്ളിൽ യാത്രചെയ്യാൻ ഈ വാഹനങ്ങൾ ഉപയോഗിക്കാമെന്നാണ് സർവ്വകലാശാലയുടെ കണക്കുകൂട്ടൽ. വിദ്യാർത്ഥികളിൽ ഇലക്ട്രിക് വാഹനങ്ങൾ വായുമലിനീകരണതോത് കുറയ്ക്കും എന്ന അവബോധമുണ്ടാക്കാൻ സ്വാധീനം ചെലുത്തുന്നുണ്ട്.

ഒരാളെങ്കിലും ബഗ്ഗിയിൽ യാത്ര ചെയ്താൽ അത്രയും കാർബൺകാർബൺ ബഹിർഗമനമാവും കാമ്പസ് പരിസരം. വിദ്യാർഥികൾക്ക് നേരായ രീതിയിൽ അവബോധം നൽകിക്കൊണ്ട് കൂടുതൽ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ കേരളത്തിൽ എല്ലാ സർവകലാശാലകളും നടപ്പിലാക്കണം.

# ആർക്കും വേണ്ടാതെ...

ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ മുഖമുദ്രയായ ഈ വിളക്കും ദിശ സൂചികയും കാലങ്ങളായി കോലംകെട്ട് നിൽക്കുന്നു, അവഗണയുടെ ഒടുവിലത്തെ അടയാളം.



1) അറ്റകുറ്റപ്പണികൾ മുടങ്ങിക്കിടക്കുന്ന ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന് മുന്നിലുള്ള പ്രദർശന വിളക്ക്



2) ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിനു മുന്നിലെ ദിശ സൂചിക പൊട്ടിപ്പൊളിഞ്ഞ നിലയിൽ

ഫോട്ടോ : **സൂരജ് കൃഷ്ണൻ**

# ഫൈനലിൽ വീണ് ബ്ലാസ്റ്റേഴ്സ്

**അഭിലാഷ് ജെ ജെയിംസ്**



ഐ.എസ്.എൽ ഫൈനലിൽ ഹൈദരാബാദിന് കീരീടം

ലക്ഷകണക്കിന് വരുന്ന ബ്ലാസ്റ്റേഴ്സ് ആരാധകരുടെ പ്രാർത്ഥനകൾ ഫലം കണ്ടില്ല. ഐ.എസ്.എൽ ഫൈനലിൽ ഹൈദരാബാദിനോട് പെനാൽറ്റി ഷൂട്ട് ഔട്ടിൽ തോൽവി ഏറ്റ് വാങ്ങി കേരള ബ്ലാസ്റ്റേഴ്സ് മൂന്നാം തവണയും കീരീടം കൈവിട്ടു.

ബ്ലാസ്റ്റേഴ്സ് താരങ്ങൾ ആയ ലെസ്കോവിച്, നിഷു കുമാർ, ജീക്സൺ സിങ് എന്നിവരുടെ പെനാൽറ്റി കിക്കുകൾ തടഞ്ഞിട്ട ഹൈദരാബാദ് ഗോൾകീപ്പർ ലക്ഷ്മികാന്ത് കട്ടിമണി ഹൈദരാബാദിന്റെ വിജയത്തിൽ നിർണായകമായി. കേരളത്തിന് വേണ്ടി മധ്യനിര താരം ആയുഷ് അധികാരിക്ക് മാത്രം ആണ് പെനാൽറ്റി ഷൂട്ട് ഔട്ടിൽ ലക്ഷ്യം നേടാൻ സാധിച്ചത്. ഹൈദരാബാദിന് വേണ്ടി ജാവോ വിക്ടറും കാസ കമാറയും ബർത്തലോമിയോ ഓഗ്ബെച്ചേയും ലക്ഷ്യം കണ്ടപ്പോൾ ഹാവിയർ സിവേറോയ്ക്ക് മാത്രമാണ് ലക്ഷ്യം പിഴച്ചത്.

നേരത്തെ കളിയുടെ 68-ാം മിനിറ്റിൽ മലയാളി താരം രാഹുലിലൂടെ ബ്ലാസ്റ്റേഴ്സ് മുന്നിൽ എത്തി എങ്കിലും, കളിയുടെ 88-ാം മിനിറ്റിൽ സാഹിൽ ടാവോരെയിലൂടെ ഹൈദരാബാദ് സമനില ഗോൾ നേടി. കളി അധിക സമയത്തേക്ക് നീണ്ടെങ്കിലും ആർക്കും ഗോൾ അടിക്കാൻ സാധിക്കാത്തതിനാൽ പെനാൽറ്റി ഷൂട്ട്ഔട്ടിലേക്ക് പോവുകയായിരുന്നു.



ഹൈദരാബാദിന് എതിരെ ഗോൾ നേടിയപ്പോൾ ആഹ്ലാദിക്കുന്ന ടീം ബ്ലാസ്റ്റേഴ്സ്

ഫൈനലിൽ തോറ്റെങ്കിലും കഴിഞ്ഞ സീസണിൽ 10-ാം സ്ഥാനത്ത് ആയിരുന്ന ബ്ലാസ്റ്റേഴ്സ് ഈ സീസണിൽ വളരെ മികച്ച കളി പുറത്തെടുത്താണ് ഫൈനലിലേക്ക് പ്രവേശിച്ചത്. പരിശീലകൻ ഇവാൻ വുകോമാനോവിച്ചിന് ആ മാറ്റത്തിൽ നിർണായക പങ്കുണ്ട്. മുൻ വർഷങ്ങളിൽ ഇല്ലാതിരുന്ന നീണ്ട പ്രീസീസൺ കേരള ബ്ലാസ്റ്റേഴ്സിന് സഹായകരമായി. അടുത്ത സീസണിൽ ഇതിനെക്കാൾ ഒരു പടി കൂടി കടന്ന് കേരള ബ്ലാസ്റ്റേഴ്സ് ചാമ്പ്യൻമാർ ആകും എന്ന് പ്രതീക്ഷിക്കാം.

# ഇതിഹാസങ്ങളുടെ തോഴൻ

**സൂരജ് കൃഷ്ണൻ**

ആദ്യ രണ്ട് സെറ്റും മെദ്വദേവ് ജയിച്ചു കഴിഞ്ഞിരിക്കുന്നു. മൂന്നാമത്തെ സെറ്റിൽ മെദ്വദേവ് ഒരു 35 കാരനെ വെല്ലുവിളിക്കുകയാണ് വെള്ളം കുടിപ്പിക്കുകയാണ്. മൂന്നു ബ്രേക്ക് പോയിൻറ്സ് മൂന്നും സെറ്റിൽ നേരിട്ട് കഴിഞ്ഞ റാഫയുടെ തിരിച്ചുവരവ് അസാധ്യം തന്നെയാണ് എന്നായിരുന്നു കരുതിയത്. ഒടുവിൽ രണ്ടര മണിക്കൂർ നീണ്ടുനിന്ന മാരത്തൺ മാച്ചിന്റെ എല്ലാ ടിസ്റ്റുകൾക്കും അപ്പുറം ഒരു വിജയിയെ മത്സരം കണ്ടെത്തി.

അയാൾ തുടങ്ങുന്നതു തന്നെ അത്ഭുതങ്ങളിൽ നിന്നായിരുന്നു. റോജർ ഫെഡറർ എന്ന ഇതിഹാസത്തിന്റെ നെറുകയിൽ എഴുതിച്ചേർത്തു എന്നു വിശ്വസിക്കപ്പെടുന്ന 2005ലെ ഫ്രഞ്ച് ഓപ്പണിൽ ഒരു 19കാരൻ അത് തിരുത്തി എഴുതി. പീറ്റ് സാംപ്രസിന് ശേഷം ഗ്രാൻഡ്സ്ലാം ജയിക്കുന്ന ടീനേജർ എന്ന ടാഗും ആയി ട്രോഫി പോഡിയത്തിൽ ചിരിച്ചുകൊണ്ടിരിക്കുന്ന റാഫാ പിന്നീട് പീറ്റ് എന്ന അതികായന് മുകളിലേക്ക് സഞ്ചരിക്കുന്നുണ്ട്.

കിരീടങ്ങൾ നേടാൻ വിധിച്ചവർ എന്ന് വിളിക്കാവുന്നവരുണ്ട് പ്രതിഭാധാരാളിത്തം കൊണ്ട് പിറന്നു വീണവർ റാഫ ഒരിക്കലും അവരിലൊരാളായിരുന്നു എന്ന് തോന്നിയിട്ടില്ല. തുടക്ക കാലത്ത് ടൈലർ മേഡ് ഫോർ റോളണ്ട് ഗാരോസ് എന്നുമാത്രം തോന്നിപ്പിച്ചൊരാൾ. കൈമുതലായുള്ളത് പോരാടാനുള്ള മനസ്സു മാത്രം. തുടർച്ചയായി കളിമൺ കോർട്ടുകളിൽ വെന്നിക്കൊടി പാറിപ്പിക്കുന്ന മനുഷ്യൻ ഹാർഡ് ഗ്രാസ് കോർട്ടുകളിൽ ഫെഡറർക്ക് മുന്നിൽ പതറുന്നുണ്ട് രണ്ട് വിംബിൾഡണ്ണും ഫൈനലിൽ തോൽക്കുന്നുണ്ട്. തോൽക്കുമ്പോൾ എല്ലാം റാഫ വൺ ഡൈമൻഷണൽ മനുഷ്യൻ എന്ന വിളി കേട്ടിരുന്നു. ഇയാളാണോ റോജറിനെ വരുംകാലങ്ങളിൽ വെല്ലുവിളിക്കേണ്ടവൻ എന്ന ചോദ്യവും. നാല് ഫ്രഞ്ച് ഓപ്പണുകളിൽ മുത്തമിട്ട ശേഷം മാത്രമാണയാൾ മറ്റൊരു ഗ്രാൻഡ് സ്ലാമിനെ ചുംബിക്കാൻ പ്രാപ്തമാകുന്നത്. തുടരെ രണ്ട് ഫൈനൽ തോൽവികൾക്കുശേഷം വിമ്പിൾഡൺ ആ നീളൻ മുടിക്കാരന് കീഴടങ്ങുന്നുണ്ട്. പരിക്കുകളായി വലഞ്ഞ കാലുകളെ വേദനസംഹാരികളാൽ മറച്ചു പിടിച്ച് മണിക്കൂറുകൾ കൊണ്ട് അയാൾ കീഴടക്കുന്നത് റോജർ ഫെഡറർ എന്ന് ടെന്നീസ് ഇതിഹാസത്തെ ആണ്. റാഫേൽ നദാൽ കോർട്ടിൽ നിന്നും ഹൃദയങ്ങളിലേക്കാണ് വിമ്പിൾഡണ്ണുമായി നടന്നുകയറുന്നത്. വിംബിൾഡണിലെ അതുവരെയുള്ള ഏറ്റവും ദൈർഘ്യമേറിയ ഫൈനലിനാണ് പരിക്കിനെ മറികടന്ന് റാഫാ ജയിച്ചു കയറിയത് എന്നറിയുമ്പോൾ കൂടിയാണ് അയാൾ രചിച്ച് പോകുന്ന ചരിത്രത്തിന്റെ അർത്ഥമറിയുന്നത്. തൊട്ടടുത്ത രണ്ടുവർഷങ്ങളിൽ തനിക്ക് വഴങ്ങാതെ നിൽക്കുന്ന ഓസ്ട്രേലിയൻ യുഎസ് ഓപ്പണുകൾ കൂടി കയ്യേന്തുന്ന റാഫാ പറയാതെ പറയുന്നുണ്ട് തന്റെ സിംഹാസനം അവകാശപ്പെടാൻ വന്നവനാണ് റാഫാ . അത് റോജർ തിരിച്ചറിയുന്നുണ്ട് മറ്റാരെക്കാളും മുൻപ് തന്നെ.

റോളണ്ട് ഗാരോസിൽ റാഫക്ക് മുന്നിൽ ആദ്യമായി തോൽവി അറിയുന്ന നിമിഷം തന്നെ അയാൾ അത് പ്രവചിക്കുന്നുണ്ട്. കളിക്കളത്തിനപ്പുറം റോജറും റാഫയും പരസ്പരം ബഹുമാനിച്ചിരുന്നു. കരിയർ ഗോൾഡൻ ഗ്രാൻഡ്സ്ലാം റോജർക്കും നൊവാക്കിനും മുൻപേ സാധ്യമാക്കി അയാൾ വാക്കുപാലിക്കുന്നു.



റാഫേൽ നദാൽ